പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1071 30.10.2019-ൽ മറുപടിക്ക്

ബാലവേല നിർമ്മാർജ്ജനവും ബാലതൊഴിലാളി പുനരധിവാസവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.സി. ജോർജ് : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ ബാലവേല നിർമ്മാർജ്ജനത്തിനും ബാലതൊഴിലാളി പുനരധിവാസത്തിനും വേണ്ടി നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജില്ലാ ലേബർ ഓഫീസർ(എൻഫോഴ്സ്മെന്റ്), അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ്-II) എന്നിവർ മുഖേന പരിശോധനകൾ നടത്തുമ്പോൾ ബാലവേല ഉണ്ടോ എന്നത് പരിശോധിച്ചുവരുന്നു. ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫയർ കമ്മിറ്റി എന്നിവരുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. കൂടാതെ ആഗോള ബാലവേല വിരുദ്ധ ദിനമായ ജൂൺ 12, ജില്ലകളിൽ ബാലവേല വിരുദ്ധദിനമായി ആചരിക്കുകയും സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. സ്കൂളുകളിലും മറ്റും സെമിനാറുകൾ സംഘടിപ്പിക്കുമ്പോൾ ചൈൽഡ് & അഡോളസെന്റ് ലേബർ (പ്രൊഹിബിഷൻ & റെഗുലേഷൻ) ആക്ടിന്റെയും വിദ്യാഭ്യാസ അവകാശനിയമത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്ന ക്ലാസ്സുകളും സംഘടിപ്പിച്ചു വരുന്നു. കൂടാതെ ടി ക്ലാസ്സുകളിൽ അങ്കണവാടി, കുടുംബശ്രീ, ആശാപ്രവർത്തകർ എന്നിവരെ കൂടി വനിതാശിശുവികസനവകുപ്പിന്റെ സഹകരണത്തോടുകൂടി പങ്കെടുപ്പിച്ച് വരുന്നു. ബാലവേല നിരോധനവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനം നടന്നു വരുന്നു. ബാലവേല നിരോധനവുമായി ബന്ധപ്പെട്ട് ജില്ലകളിൽ ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. വനിതാശിശുവികസനവകുപ്പ് രൂപീകരിച്ചിട്ടുള്ള 'ശരണബാല്യം' പദ്ധതിയുമായി ചേർന്ന് |

| | | | |
|---|---|---|---|
| | | | ജില്ലകളിൽ വകുപ്പ് ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. അസിസ്റ്റന്റ് ലേബർ ഓഫീസർ മുഖാന്തിരം സ്ഥാപനങ്ങൾ പരിശോധിക്കുന്ന അവസരങ്ങളിൽ ബാലവേല നിരോധന നിയമപ്രകാരമുള്ള പരിശോധനകൾ നടത്തി വരുന്നു. |
| (ബി) | കുട്ടികളെക്കൊണ്ട് തൊഴിൽ ചെയ്യിക്കുന്ന തൊഴിൽ ദാതാക്കൾക്കെതിരെ എന്തൊക്കെ നിയമനടപടികളാണ് നിലവിലുള്ളത്; വിശദമാക്കാമോ? | (ബി) | 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം ലംഘിക്കുന്ന തൊഴിലുടമയ്ക്ക് എതിരെ പ്രസ്തുത നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ